# ഭീകരതയുടെ അമേരിക്കൻ ദുർഗന്ധം

**കെന്നത്ത്** ഹേവുഡ് എന്ന അമേരിക്കക്കാരന്റെ കമ്പ്യൂട്ടറും അഹ്മദാബാദ് സ്ഫോടനവും തമ്മിൽ എങ്ങനെ കൂട്ടിവായിക്കരുതെന്ന് തെളിയിക്കുകയാണ് മുംബൈയിലെ ഭീകരതാ വിരുദ്ധ സെല്ലിന്റെ (എ.ടി.എസ്) ഇപ്പോഴത്തെ ദൗത്യം. ഇന്റർനെറ്റ് ഉപയുക്തമാക്കുന്നതിന് വയർലെസ് ലാൻ എന്ന ആധുനിക സംവിധാനമുള്ള അദ്ദേഹത്തിന്റെ ലാപ്ടോപ്പിൽ 'കടന്നു കയറിയ' മറ്റാരോ സന്ദേശമയച്ചുവെന്നാണ് അന്വേഷണസംഘത്തിന്റെ ഒടുവിലത്തെ നിലപാട്. കമ്പ്യൂട്ടറിനെ കുറിച്ചറിയാത്ത സാധാരണക്കാരൻ ഈ വിശദീകരണം വായിച്ച് ഒന്നുകൂടെ ഞെട്ടും. പോയിപ്പോയി വല്ലവന്റെയും കമ്പ്യൂട്ടറുകൾക്കകത്തേക്ക് നുഴഞ്ഞു കയറുന്ന ഏർപ്പാടുകൾ വരെ 'ഇസ്ലാമിക ഭീകരർ' പഠിച്ചു കഴിഞ്ഞു എന്നാണല്ലോ പോലീസ് പറഞ്ഞുവരുന്നത്. സ്വസ്ഥമായി ഇനി കമ്പ്യൂട്ടർ തുറക്കാൻ പോലും കഴിയാതാവുന്ന കാലമല്ലേ വരുന്നത്? ഇങ്ങനെയൊരു നുഴഞ്ഞു കയറ്റമാണ് യഥാർഥത്തിൽ നടന്നതെങ്കിൽ കെന്നത്ത് ഹേവുഡ് ഇന്ത്യയിൽ നിന്നും ഓടിയൊളിക്കേണ്ട കാര്യമെന്തായിരുന്നു? അദ്ദേഹത്തോട് രാജ്യം വിടരുതെന്ന് എ.ടി.എസ് ആവശ്യപ്പെടാനുണ്ടായ കാരണം എന്തായിരുന്നു? അമേരിക്കൻ എംബസി ഉദ്യോഗസ്ഥന്മാർ എ.ടി.എസുമായി നിരന്തരം ബന്ധപ്പെട്ടുവരികയായിരുന്നുവെന്ന പത്രവാർത്തകളുടെ അടിസ്ഥാനം എന്തിനെ ചൊല്ലിയായിരുന്നു? എല്ലാറ്റിനുമുപരി ഈ കെന്നത്ത് ഹേവുഡ് നവിമുംബൈയിൽ എന്തു ചെയ്യുകയായിരുന്നു ഇതുവരെ? വല്ല ഉത്തരവും പറയാനുണ്ടോ എ.ടി.എസിന്?

ഹേവുഡിന്റെ കമ്പ്യൂട്ടറിൽ നിന്നും ഇന്ത്യൻ മുജാഹിദീന്റെ പേരിൽ സന്ദേശം പോകാനുണ്ടായ കാരണത്തെ കുറിച്ച് ഒടുവിൽ എ.ടി.എസ് അധ്യക്ഷൻ ഹേമന്ത് കർക്കറെ പ്രചരിപ്പിക്കുന്ന സിദ്ധാന്തം ഇങ്ങനെയാണ്: വയർലെസ് കമ്പ്യൂട്ടറിന്റെ 30 മീറ്റർ പരിധിക്കകത്ത് നിന്ന് ആർക്കും മറ്റൊരാളുടെ ഇന്റർനെറ്റ് സൗകര്യം ഉപയോഗിക്കാനാവും. ഈ സാധ്യത മനസ്സിലാക്കിയവർ ആരെങ്കിലുമുണ്ടോ എന്നറിയാൻ നവി മുംബൈയിൽ ഹേവുഡ് താമസിച്ച ഫ്ളാറ്റ് സമുച്ചയത്തിലെ ആയിരത്തിലേറെ വരുന്ന താമസക്കാരെ മുഴുവൻ പോലീസ് ചോദ്യം ചെയ്തിരുന്നു. സംശയകരമായ ആരെയും കണ്ടെത്താനായില്ല. അതേസമയം ഹേവുഡിന്റെ പരിചയക്കാരുടെ കൂട്ടത്തിൽ മുഹമ്മദ് അലി എന്നൊരു ഇംഗ്ലീഷ് ഭാഷാ പരിശീലകന്റെ പേര് പോലീസിന്റെ ശ്രദ്ധയിൽ പെട്ടു. അമേരിക്കക്കാരന്റെ പതിവു സന്ദർശകനായിരുന്ന അലി അദ്ദേഹത്തിന്റെ ഇമെയിൽ വിലാസം മനസ്സിലാക്കിയെടുത്ത് ഭീകരർക്കു കൈമാറിയിട്ടുണ്ടോ എന്ന അന്വേഷണമാണ് ഇപ്പോൾ നടന്നു വരുന്നത്. ഹേവുഡിന്റെ വീട്ടിൽ സന്ദർശനം നടത്തിയ നൂറുകണക്കിനാളുകളിൽ നിന്നും പേര് മുഹമ്മദ് അലിയായ കുറ്റത്തിന് ഏതോ വയറ്റുപിഴപ്പുകാരൻ കുടുങ്ങി എന്നു ചുരുക്കം. 'ആളെ' കിട്ടിയ സ്ഥിതിക്ക് ഇനി കട്ടകൾ പെറുക്കിയടുക്കി സിദ്ധാന്തമുണ്ടാക്കുകയല്ലേ വേണ്ടൂ? ഒരു അലി വലയിലായതോടെ എത്രയെളുപ്പമാവുകയാണ് കാര്യങ്ങൾ! തെളിവുകളിൽ നിന്ന് സിദ്ധാന്തമുണ്ടാക്കുക എന്നതല്ലല്ലോ 'ഭീകരതാ വിരുദ്ധ പോലീസി'ന്റെ പണി. സിദ്ധാന്തത്തിൽ നിന്നും തെളിവുണ്ടാക്കുക എന്നതല്ലേ?

ഇന്ത്യൻ മുജാഹിദീന്റെ പേരിലുള്ള സന്ദേശം പുറപ്പെട്ടത് ഹേവുഡിന്റെ കമ്പ്യൂട്ടറിൽ നിന്നു തന്നെയാണെന്നും ഫോറൻസിക് അധികൃതർ ഇതിനാവശ്യമായ തെളിവ് ശേഖരിച്ചിട്ടുണ്ടെന്നുമാണ് അഹ്മദാബാദ് സ്ഫോടനങ്ങൾക്കു ശേഷം ആദ്യം പുറത്തുവന്ന ചില റിപ്പോർട്ടുകളിലുള്ളത്. കമ്പ്യൂട്ടർ സേവനങ്ങൾ ചെയ്തുകൊടുക്കുന്ന 'കാംപ്‌വെൽ വൈറ്റ്' എന്ന സ്ഥാപനത്തിന്റെ വിലാസത്തിലായിരുന്നു ഇയാൾ മുംബൈയിൽ അറിയപ്പെട്ടിരുന്നത്. സംഭവദിവസം ഏഴുമണിക്കൂർ നേരം തുടർച്ചയായി ലാപ്ടോപ്പ് ഉപയോഗിച്ചുവെന്നും അന്വേഷണ ഉദ്യോഗസ്ഥന്മാർ കണ്ടെത്തിയിരുന്നു. അമേരിക്കയിലെ 'ഡോർ ക്രിസ്ത്യൻ സെന്റർ' അഥവാ 'പോട്ടേഴ്സ് ഹൗസ്' എന്ന തീവ്രവാദ ക്രിസ്ത്യൻ സംഘടനയുടെ അംഗമായിരുന്ന ഹേവുഡിന്റെ സഹപ്രവർത്തകരിൽ പലരും അമേരിക്കൻ സൈന്യത്തിലും പോട്ടേഴ്സ് ഹൗസിലും ഒരുപോലെ ഉണ്ടായിരുന്നവരാണ്. അഹ്മദാബാദിന്റെ തൊട്ടുമുന്നോടിയായി സ്ഫോടനം നടന്ന ബാംഗ്ലൂരിൽ പോട്ടേഴ്സ് ഹൗസിന്റെയും കാംപ്‌വെൽ വൈറ്റിന്റെയും ആസ്ഥാനം ഒരേ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്നും പോലീസ് കണ്ടെത്തി. അമേരിക്കയിൽ നിരവധി മതമൗലികവാദ ഭീകരപ്രവർത്തനങ്ങളിലും ഇസ്ലാംമത വിരുദ്ധ പ്രചാരണങ്ങളിലും പോട്ടേഴ്സ് ഹൗസ് ഉൾപ്പെട്ടതിനും തെളിവുകളുണ്ട്. ഹേവുഡിന്റെ ബാംഗ്ലൂരിലെ സഹചരനായ ജോനാഥൻ ഹേയിംബെർഗ് മൊസാദുമായി ഉറ്റ ബന്ധമുള്ള കടുത്ത ജൂത ഫാഷിസ്റ്റ് ആണെന്നാണ് ചില വെബ്സൈറ്റുകളിൽ കാണുന്നത്. അമേരിക്കയുടെ 'യുദ്ധംവിളി' ചാനലുകളായ സി.എൻ.എന്നും ഫോക്സ് ടെലിവിഷനും അഹ്മദാബാദ് സ്ഫോടനങ്ങൾ റിപ്പോർട്ട് ചെയ്തിട്ടില്ല എന്നും, തൽസമയം ഇറാഖിലെയും തുർക്കിയിലെയും ചില അപ്രധാന സ്ഫോടനങ്ങളെ കുറിച്ച വാർത്തയാണ് സംപ്രേക്ഷണം ചെയ്തതെന്നും ചേർത്തുവായിക്കുക.

ഹേവുഡിനെതിനെതിരെ ഇത്രയും സാഹചര്യ തെളിവുവെച്ച് വേറെ ഏതു രാജ്യത്തും പോലീസ് കേസെടുത്തേനെ. പേരുമാറിയ സിമിയാണ് ഇന്ത്യൻ മുജാഹിദ്ദീൻ എന്ന സിദ്ധാന്തം അവതരിപ്പിക്കുന്ന തിരക്കിൽ ഏമാന്മാർക്ക് അതിനൊക്കെ എവിടെ സമയം? ഹേവുഡ് കമ്പ്യൂട്ടർ ഏതു സമയത്ത് ഉപയോഗിക്കുമെന്ന് മനസ്സിലാക്കിയ ഇസ്ലാമിക ഭീകരർ അദ്ദേഹത്തിന്റെ വീടിൻെറ 30 മീറ്റർ ചുറ്റളവിൽ നേരത്തെ എത്തിച്ചേരുക, തുടർന്ന് അഹ്മദാബാദിലെ ശേഷിച്ച ഭീകരർക്ക് തയാറെടുപ്പിന് നിർദേശം നൽകുക, അതനുസരിച്ച് അവർ ഒരുക്കങ്ങൾ പൂർത്തിയാക്കുക, കമ്പ്യൂട്ടർ വിദഗ്ധനായ സിമി 'ബുദ്ധികേന്ദ്രം' തക്കസമയത്ത് ഹേവുഡിനെ 'ഹാക്ക്' ചെയ്ത് പോലീസിന് മുന്നറിയിപ്പ് നൽകുക, പാവം ഹേവുഡ് ഇതൊന്നും അറിയാതിരിക്കുക, വെറുമൊരു 'സാധാരണ പൗരനായ' ഹേവുഡിനെ രക്ഷിക്കാൻ വേണ്ടി മാത്രം അമേരിക്കൻ എംബസി ഇടപെടുക... ആഹഹ..

സർക്കാറുകൾ സ്ഫോടനം സംഘടിപ്പിക്കുന്നുവെന്ന് സുഷമാ സ്വരാജ് പറഞ്ഞതിന്റെ തുടർച്ചയാവുകയാണ് ഇത്. പല നാൾ കള്ളന്മാർ ഓരോന്നോരാന്നായി പുറത്തുവന്നുകൊണ്ടിരിക്കുന്നു. ആർ.എസ്.എസ്സും സർക്കാറുകളും ഏറ്റവുമൊടുവിൽ അമേരിക്കയും... ഇങ്ങനെ കാംപ്‌വെൽ വൈറ്റുകളായും പോട്ടേഴ്സ് ചർച്ചുകളായും ഏതൊക്കെ അമേരിക്കൻ-ഇസ്രയേലി ചാരസംഘടനകൾ ഇന്ത്യയിൽ പ്രവർത്തിക്കുന്നുണ്ടോ ആവോ? ■